# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.457 — 28.02.2017 ലെ മറുപടിക്ക്

**ചോദ്യം** — **മറുപടി**

ശ്രീ.പി.ഉണ്ണി — ഡോ.റ്റി.എം.തോമസ് ഐസക്

ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

### സംസ്ഥാന ഖജനാവിൽ നിന്ന് നേരിട്ട് ശമ്പളം പറ്റുന്ന ജീവനക്കാർ

<table>
<tr>
<td>(എ) സംസ്ഥാന ഖജനാവിൽ നിന്ന് നേരിട്ട് ശമ്പളം പറ്റുന്ന അദ്ധ്യാപകരുൾപ്പെടെയുള്ള സർക്കാർ ജീവനക്കാരുടെ നിലവിലെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;</td>
<td>2016-17 ബഡ്ജറ്റ് രേഖകൾ പ്രകാരം സംസ്ഥാന ഖജനാവിൽ നിന്ന് നേരിട്ട് ശമ്പളം പറ്റുന്ന അദ്ധ്യാപകരുൾപ്പെടെയുള്ള സർക്കാർ ജീവനക്കാരുടെ എണ്ണം 5,08,808 ആണ്.</td>
</tr>
<tr>
<td>(ബി) 01.04.2016 മുതൽ 31.01.2017 വരെ അദ്ധ്യാപകരുൾപ്പെടെയുള്ള സർക്കാർ ജീവനക്കാർക്ക്, ശമ്പളവും അലവൻസുകളും യാത്രാപ്പടി ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ പ്രതിമാസാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;</td>
<td>അക്കൗണ്ടന്റ് ജനറലിൽ നിന്ന് ലഭ്യമായ പ്രാരംഭ കണക്കുകൾ പ്രകാരം 01.04.2016 മുതൽ 31.12.2016 വരെ അദ്ധ്യാപകരുൾപ്പെടെയുള്ള സർക്കാർ ജീവനക്കാർക്ക് ശമ്പളവും അലവൻസുകളും നൽകുന്നതിനായി ആകെ 21079.80 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>മാസം</th><th>തുക (കോടി )</th></tr>
<tr><td>ഏപ്രിൽ</td><td>2446.89</td></tr>
<tr><td>മേയ്</td><td>2105.35</td></tr>
<tr><td>ജൂൺ</td><td>2369.13</td></tr>
<tr><td>ജൂലൈ</td><td>2274.49</td></tr>
<tr><td>ആഗസ്റ്റ്</td><td>2266.30</td></tr>
<tr><td>സെപ്റ്റംബർ</td><td>2895.43</td></tr>
<tr><td>ഒക്ടോബർ</td><td>2271.09</td></tr>
<tr><td>നവംബർ</td><td>2178.57</td></tr>
<tr><td>ഡിസംബർ</td><td>2272.55</td></tr>
<tr><td>ആകെ</td><td>21079.80</td></tr>
</table>
യാത്രാപ്പടി സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമായിട്ടില്ല.</td>
</tr>
</table>

| | |
|---|---|
| (സി) 01.04.2016 മുതൽ 31.03.2017 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ മുഴവൻ സർക്കാർ സ്ഥാപനങ്ങളുടെയും വാടക, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം ഉൾപ്പെടെയുള്ള നടത്തിപ്പ് ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തെ മുഴവൻ സർക്കാർ സ്ഥാപനങ്ങളിലെയും വാടകയിനത്തിൽ **37.79 കോടി രൂപയും** വൈദ്യുതി ചാർജ്ജ് ഇനത്തിൽ **115.25 കോടി** രൂപയും വെള്ളക്കരം ഇനത്തിൽ **37.11 കോടി രൂപയും** നടത്തിപ്പ് ചെലവുകൾക്കായി വകയിരുത്തിയിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്തെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 01.04.2016 മുതൽ 31.01.2017 വരെ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | സംസ്ഥാനത്തെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 01.04.2016 മുതൽ 31.12.2016 വരെയുള്ള കാലയളവിൽ ആകെ **36311.05 കോടി രൂപ** ചെലവഴിച്ചിട്ടുണ്ട്. |
| (ഇ) സംസ്ഥാനത്തിന്റെ കടം വീട്ടുന്നതിനും പലിശ തിരിച്ചടയ്ക്കുന്നതിനുമായി എത്ര തുക 01.04.2016 മുതൽ 31.01.2017 വരെയുള്ള കാലയളവിൽ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ; | 01.04.2016 മുതൽ 31.12.2016 വരെ കടം വീട്ടുന്നതിനായി 4684.82 കോടി രൂപയും പലിശ തിരിച്ചടയ്ക്കുന്നതിനായി **7104.15 കോടി രൂപയും** ചെലവഴിച്ചിട്ടുണ്ട്. |
| (എഫ്) 01.04.2016 മുതൽ 31.01.2017 വരെയുള്ള കാലത്ത് സർവ്വീസിൽ നിന്നും വിരമിച്ചവരുടെ ആനുകൂല്യങ്ങൾ നൽകിയ വകയിൽ എത്ര തുകയാണ് ചെലവഴിച്ചത് ; വിശദാംശം നൽകുമോ; | 01.04.2016 മുതൽ 31.12.2016 വരെയുള്ള കാലത്ത് സർവ്വീസിൽ നിന്നും വിരമിച്ചവരുടെ ആനുകൂല്യങ്ങൾ നൽകിയ വകയിൽ **11108.95 കോടി രൂപ** ചെലവഴിച്ചിട്ടുണ്ട്. |
| (ജി) 01.04.2016 മുതൽ 31.01.2017 വരെയുള്ള കാലയളവിൽ വിവിധ ഇനങ്ങളിലായി സർക്കാരിന്റെ മൊത്ത വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ ; ഈ കാലയളവിൽ സർക്കാരിന്റെ ആകെ ചെലവ് എത്രയെന്ന് വിശദമാക്കുമോ ; | 01.04.2016 മുതൽ 31.12.2016 വരെയുള്ള കാലയളവിലെ ആകെ വരുമാനം **50407.49 കോടി രൂപയും** ആകെ ചെലവ് **64147.21 കോടി രൂപയും** ആണ് |

**സെക്ഷൻ ഓഫീസർ**